**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5976** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന ക്രെസ്റ്റിന്റെ പ്രവർത്തനഫലമായി ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ച എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | ക്രെസ്റ്റ് നടത്തുന്ന പോസ്റ്റ് ഗ്രാജ്യൂവേറ്റ് സർട്ടിഫിക്കറ്റ് ഫോർ പ്രൊഫഷണൽ ഡവലപ്പ്മെന്റ് (PGCCPD) കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളിൽ നിലവിൽ 3 പേർ വിദേശ രാജ്യങ്ങളിലും 48 പേർ ഇൻഡ്യയിലും ഉപരിപഠന രംഗത്തുണ്ട്. മുമ്പ് പഠനം പൂർത്തിയാക്കിയവരിൽ 10 പേർ PhD ചെയ്തുകൊണ്ടിരിക്കുന്നു. 2 പേർ വിദേശ സർവ്വകലാശാലയിൽ നിന്നും, 2 പേർ ഇൻഡ്യയിൽ നിന്നും PhDപഠനം പൂർത്തിയാക്കിയിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം മാത്രം ലക്ഷ്യം വച്ച്, ക്രസ്റ്റ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന +2 വിദ്യാഭ്യാസ സൗകര്യം ഉള്ള 4 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2015 മുതൽ2018 വരെ നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 53 വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രൊഫഷണൽ ബിരുദധാരികളായ എത്ര പട്ടികജാതി, പട്ടികവർഗ്ഗക്കാർ ഉണ്ടെന്നും പഠനം ഇടയ്ക്കുവെച്ച് അവസാനിപ്പിച്ചവർ എത്രയെന്നും അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് പ്രൊഫഷണൽ ബിരുദധാരികളായ എത്ര പട്ടികജാതിക്കാർ ഉണ്ടെന്നും, പഠനം ഇടക്കു വച്ച് അവസാനിപ്പിച്ചവർ എത്രയെന്നും ഉള്ള വിവരം നിലവിൽ പട്ടിജാതി വികസന വകുപ്പിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടുകയും കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്യതുമായ 2247 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണുള്ളത്. എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തിയതിൽ 52 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കാത്തവരായി ഉണ്ടെന്ന് |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സോഷ്യോ ഇക്കണോമിക് സ്റ്റാറ്റസ് പ്രകാരം കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഈ വിഭാഗങ്ങളിൽപ്പെട്ട ബിരുദധാരികളിൽ തൊഴിൽ രഹിതരുടെ എണ്ണം ലഭ്യമാണോ; തൊഴിൽ ലഭ്യമാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദധാരികളിൽ തൊഴിൽരഹിതരുടെ എണ്ണം നിലവിൽ പട്ടികജാതി വികസന വകുപ്പിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സോഷ്യോ എക്കണോമിക് സ്റ്റാറ്റസ് പ്രകാരം തൊഴിൽരഹിതരായ ബിരുദധാരികളിൽ 3242 പേർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് നിലവിൽ പി.എസ്.സി വഴി നിയമനം നൽകുന്നതിന് 2% സംവരണം മാത്രമാണ് ഉള്ളത്. വിദ്യാഭ്യാസ രംഗത്ത് വകുപ്പിന്റെ തുടർച്ചയായ ഇടപെടൽ മൂലമുണ്ടായ ഗുണപരമായ മാറ്റത്തെ തുടർന്ന് പട്ടികവർഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗക്കാരുടെ എണ്ണം കൂടുതലായതിനാൽ എല്ലാവർക്കും സർക്കാർ/ പൊതുമേഖലയിൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ